**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6054** **17-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ റിക്കവറി തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച് നികുതി വകുപ്പിന്റെ പക്കൽ വ്യക്തമായ വിവരങ്ങൾ ഇല്ലെന്നുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്തുവരുന്ന നികുതി നിയമങ്ങൾ പ്രകാരമുള്ള റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച് വകുപ്പിന്റെ പക്കൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാണ്. വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ മൂല്യവർദ്ധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം, ആഡംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം മുതലായവയുടെ കീഴിൽ നടപ്പ് സാമ്പത്തിക വർഷം 30-11-2022 വരെയുള്ള കണക്കുകൾ പ്രകാരം റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6739.82 കോടി രൂപയാണ്. നികുതി കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുവാൻ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ ഇതിനായി എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | നികുതി, റവന്യൂ വകുപ്പുകളിൽ ഇത് സംബന്ധിച്ചുള്ള കണക്കിൽ വ്യത്യാസമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) | റവന്യൂ റിക്കവറി സംബന്ധിച്ച് നികുതി റവന്യൂ വകുപ്പുകൾ തമ്മിൽ റീകൺസിലിയേഷൻ സമയബന്ധിതമായി നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ